**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 876** **14-10-2026-ൽ മറുപടിയ്ക്ക്**

**<u>പുതുക്കാട് ഉപ്പുഴി ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. കെ. കെ. രാമചന്ദ്രൻ ശ്രീ. മോൻസ് ജോസഫ്

(ജലവിഭവ - ഭവനനിർമ്മാണ വകുപ്പ് മന്ത്രി)

**(എ)** പുതുക്കാട് മണ്ഡലത്തിലെ വരന്തരപ്പിള്ളി, മറ്റത്തൂർ ഗ്രാമപഞ്ചായത്തുകളിലെ ഇഞ്ചക്കുണ്ട് മേഖലയിലെ കർഷകർക്ക് ഏറെ പ്രയോജനകരമായ ഉപ്പുഴി ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി പൂർത്തീകരിക്കുന്നതിനായുള്ള രണ്ടാംഘട്ട നിർമ്മാണ പ്രവർത്തനങ്ങൾ നിലവിൽ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ;

**<u>മറുപടി:</u>** ഉപ്പുഴി ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിയുടെ രണ്ടാം ഘട്ടത്തിന്റെ സിവിൽ പ്രവൃത്തിയുടെ ടെൻഡർ നടപടികൾ പൂർത്തിയാക്കുകയും പ്രവൃത്തി ഏറ്റെടുത്ത കോൺട്രാക്ടർക്ക് സൈറ്റ് കൈമാറുകയും ചെയ്തിട്ടുണ്ട്. പ്രവൃത്തികൾ പ്രാരംഭ ഘട്ടത്തിലാണ്. ടി പ്രവൃത്തിയിൽ 38.66 ലക്ഷം രൂപയുടെ മെക്കാനിക്കൽ പ്രവൃത്തികളും 55 ലക്ഷം രൂപയുടെ ഇലക്ട്രിക്കൽ പ്രവൃത്തികളും ഉൾപ്പെടുത്തിയിട്ടുണ്ട്. ഇലക്ട്രിക്കൽ, മെക്കാനിക്കൽ പ്രവൃത്തികൾ ടെൻഡർ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ടി ടെൻഡർ നടപടികൾ പൂർത്തിയാകുന്ന മുറയ്ക്ക് പ്രവൃത്തി അടിയന്തരമായി പൂർത്തിയാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കാവുന്നതാണ്.

**(ബി)** പദ്ധതി വേഗത്തിൽ പൂർത്തിയാക്കുന്നതിന് ആവശ്യമായ അടിയന്തര നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

**<u>മറുപടി:</u>** മുൻ ഖണ്ഡികയിലെ ഉത്തരം

**സെക്ഷൻ ഓഫീസർ**